# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

# തിരുമാറാടി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2024-2025


**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**എറണാകുളം-682030**

**ഇ-മെയിൽ: doekm.ksad@kerala.gov.in**
**ഫോൺ : 0484-2422271**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഇ.കെ.എം.(പി.9)727/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയതി: 11/07/2025
ഇ-മെയിൽ: doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തിരുമാറാടി ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : തിരുമാറാടി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തിരുമാറാടി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ്

പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),

2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, എറണാകുളം.

3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഇ.കെ.എം.
(പി.9)727/2025

തീയ്യതി: 11/07/2025

# എറണാകുളം ജില്ലയിലെ തിരുമാറാടി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18**, (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ തിരുമാറാടി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2024 മുതൽ 31-03-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 31 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 31 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 19-06-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ

അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.മിനു പി.കെ. | ഡെപ്യൂട്ടി ഡയറക്ടർ | 11-06-2025 | 19-06-2025 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 11-06-2025 | 19-06-2025 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1. ശ്രീ.അജിമോൻ പി.പി., ഓഡിറ്റ് ഓഫീസർ
2. കുമാരി മേഴ്സി കെ.പി., സീനിയർ ഗ്രേഡ് ഓഡിറ്റർ
3. ശ്രീ.അനീഷ് ടി.എസ്., സീനിയർ ഗ്രേഡ് ഓഡിറ്റർ
4. ശ്രീ.നബീൽ മുഹമ്മദ് അബ്ബാസ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| അഡ്വ.സന്ധ്യമോൾ പ്രകാശ് | പ്രസിഡന്റ് | 01-04-2024 | 31-03-2025 |
| ശ്രീ.റെജിമോൻ പി.പി. | സെക്രട്ടറി | 01-04-2024 | 31-03-2025 |

# നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | [illegible] |
|---|---|---|
| ശ്രീ.സാബുരാജ് എസ്. | അസിസ്റ്റന്റ് സെക്രട്ടറി | |
| ശ്രീ.അനീഷ് സത്യൻ | അസി.എഞ്ചിനീയർ | |
| ശ്രീമതി.എമി പൌലോസ് | അസി.എഞ്ചിനീയർ | |
| ശ്രീ.മാക്സ്വൽ കെ.സി. | അസി.എഞ്ചിനീയർ | |
| ശ്രീമതി.ജിജി റ്റി.കെ. | കൃഷിഓഫീസർ | |
| ഡോ.വിനോദ് പി. | മെഡിക്കൽ ഓഫീസർ എഫ്.എച്ച്.സി. | |
| ഡോ.ശ്രീജ എസ്.എം. | മെഡിക്കൽ ഓഫീസർ - ആയുർവേദം | |
| ഡോ.മായാദേവി കെ. | മെഡിക്കൽ ഓഫീസർ -ഹോമിയോ | |
| ഡോ.ഷിബു സി. തങ്കച്ചൻ | വെറ്റിനറി സർജൻ | |
| ശ്രീമതി.പ്രമീളകുമാരി റ്റി.എസ്. | ഹെഡ് മിസ്ട്രസ് | |
| ശ്രീമതി.സുനിത സുരേന്ദ്രൻ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | |
| ശ്രീ.മനോജ്കുമാർ എം. | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | |
| ശ്രീ.പ്രിയരഞ്ജൻ | വി.ഇ.ഒ.ഒലിയപ്പുറം | |
| ശ്രീമതി.വിനയ ഷേണായ് ആർ. | വി.ഇ.ഒ.തിരുമാറാടി | |
| ശ്രീ.പ്രിയരഞ്ജൻ | വി.ഇ.ഒ.തിരുമാറാടി | |
| ശ്രീമതി.വിനയ ഷേണായ് ആർ. | വി.ഇ.ഒ.തിരുമാറാടി | |

| | | |
|---|---|---|
| ശ്രീ.പ്രിയരഞ്ജൻ | വി.ഇ.ഒ.മണ്ണത്തൂർ | |
| ശ്രീമതി.എബിന ടി.എസ്. | വി.ഇ.ഒ.മണ്ണത്തൂർ | |

# ഉള്ളടക്കം

| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | വസ്തുനികുതി കണക്കുകൾ പൊരുത്തപ്പെടുന്നില്ല. | 1-1-1 |
| 2 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 3 | എ.എഫ്.എസിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-2 |
| 4 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ ന്യൂനത. | 1-1-3 |
| 5 | സി.എഫ്.സി. ഗ്രാന്റ് ചെലവ് പൊരുത്തപ്പെടുന്നില്ല. | 1-1-4 |
| 6 | സംരക്ഷണ ഗ്രാന്റ് റോഡിതരം ചെലവ് പൊരുത്തപ്പെടുന്നില്ല. | 1-1-5 |
| 7 | സംയുക്ത പ്രോജക്ട് ബ്ലോക്ക് വിഹിതം ചെലവ് പൊരുത്തപ്പെടുന്നില്ല. | 1-1-6 |
| 8 | ബജറ്റ് | 1-2 |
| 9 | സാമ്പത്തിക വിശകലനം | 1-3 |
| 10 | ഫണ്ട് വിനിയോഗം | 1-4 |
| 11 | പദ്ധതി അവലോകനം | 1-5 |
| 12 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 13 | ക്ഷേമ പദ്ധതികൾ | 1-7 |
| 14 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 15 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 16 | ബി.എസ്.എൻ.എൽ. ടവർ വസ്തുനികുതി കുടിശ്ശിക – 1.17 ലക്ഷം രൂപ വരുമാന നഷ്ടം. | 1-10 |
| 17 | തൊഴിൽ നികുതി പിരിവ് കാര്യക്ഷമമാക്കേണ്ടതാണ് | 1-11 |
| 18 | പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് നടത്തുന്നില്ല. | 1-12 |
| 19 | നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടങ്ങൾക്കെതിരെ തുടർ നടപടികൾ സ്വീകരിക്കുന്നില്ല. | 1-13 |
| 20 | IFTE&OS ലൈസൻസ് - വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കേണ്ടതാണ്. | 1-14 |

| | | |
|---|---|---|
| 21 | നടുക്കര കുടിവെള്ള പദ്ധതി - നിഷ്ക്രിയമാകുന്ന ആസ്തി. | 1-15 |
| 22 | മുൻകൂർ തുകകൾ ക്രമീകരിച്ചിട്ടില്ല. | 1-16 |
| 23 | മറ്റ് തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭിച്ച ഫണ്ട് വിനിയോഗിക്കാതെ തുടരുന്നു. | 1-17 |
| 24 | മുൻവർഷങ്ങളിൽ ലഭിച്ച ഗ്രാന്റുകൾ വിനിയോഗിക്കാതെ 3.02ലക്ഷം രൂപ അവശേഷിക്കുന്നു. | 1-18 |
| 25 | നിക്ഷേപ പ്രവൃത്തികൾ- 22.96 ലക്ഷം രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല. | 1-19 |
| 26 | ഗ്രാന്റ് വിഹിതം യഥാസമയം വിനിയോഗിച്ചില്ല - ₹8,99,908/- നഷ്ടമായി. | 1-20 |
| 27 | ഹോമിയോ മരുന്ന് - പൂർണ്ണമായും ലഭ്യമായിട്ടില്ല. ₹34,465/- ന്റെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-21 |
| 28 | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ- പ്രവൃത്തി പൂർത്തീകരിച്ചില്ല – 6.67ലക്ഷം രൂപ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-22 |
| 29 | കുടിവെള്ള ടാപ്പുകൾ വിച്ഛേദിക്കൽ - പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. | 1-23 |
| 30 | ലൈഫ് ഭവനനിർമ്മാണം- കരാറിൽ ഏർപ്പെട്ട് തുക കൈപ്പറ്റിയ ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. | 1-24 |
| 31 | ഡയാലിസിസ് രോഗികൾക്ക് ചികിൽസാ സഹായം - ഗുണഭോക്താവിന് തുക തിരികെ ലഭ്യമാക്കിയിട്ടില്ല. | 1-25 |
| 32 | കുടുംബാരോഗ്യകേന്ദ്രത്തിന് ത്രീഫേസ് കണക്ഷൻ നൽകൽ - പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. | 1-26 |
| 33 | നിർമ്മാണ പ്രവർത്തനം സമയബന്ധിതമായി ആരംഭിച്ചില്ല. | 1-27 |
| 34 | ഡിസ്മാന്റിൽ ചെയ്ത വസ്തുക്കളുടെ സർവ്വേ റിപ്പോർട്ട് തയ്യാറാക്കി സെക്രട്ടറിക്ക് നൽകിയിട്ടില്ല | 1-28 |
| 35 | കുഴിച്ചെടുത്ത മണ്ണിന്റെ വിനിയോഗം രേഖപ്പെടുത്തിയിട്ടില്ല. | 1-29 |

| | | |
|---|---|---|
| 36 | സൂപ്പർ സ്ട്രക്ചർ പ്രവൃത്തിയ്ക്ക് ഉയർന്ന നിരക്കിലുള്ള ഡാറ്റ തിരഞ്ഞെടുത്തു | 1-30 |
| 37 | കരിങ്കല്ല് സ്റ്റാക്ക് ചെയ്തത് - ലേലനടപടികൾ സ്വീകരിച്ചിട്ടില്ല. | 1-31 |
| 38 | ജൽ ജീവൻ പദ്ധതി - അവലോകനം. | 1-32 |
| 39 | ഹെൽത്ത് ഗ്രാന്റ് - വിനിയോഗവും ഫലപ്രാപ്തിയും | 1-33 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | മെഡിസെപ് പ്രീമിയം ഒടുക്ക് സംബന്ധിച്ച പരിശോധന. | 4-1 |
| 2 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം | 4-2 |
| 3 | സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-3 |
| 4 | നിക്ഷേപ പ്രവൃത്തികളുടെ വിവരം | 4-4 |
| 5 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-5 |
| 6 | വായ്പ / വായ്പ തിരിച്ചടവ് | 4-6 |
| 7 | സ്ഥിരനിക്ഷേപങ്ങൾ | 4-7 |
| 8 | ഓഡിറ്റ് റിക്കവറി | 4-8 |
| 9 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-9 |
| 10 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം | 4-10 |
| 11 | ഓഡിറ്റ് പ്രത്യവലോകനം | 4-11 |
| 12 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-12 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1-1 വസ്തുനികുതി കണക്കുകൾ പൊരുത്തപ്പെടുന്നി

വസ്തുനികുതി കണക്കുകൾ വാർഷിക ധനകാര്യപ്പത്രിക, സ
പൊരുത്തപ്പെടുന്നില്ല.

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രക (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാനുവൽ ച ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങളും അനുസരിച്ച് **30.05.2025**ലെ **1(1) -ാം** നമ്പർ തയ്യാറാക്കി **03.06.2025** തീയതിയിൽ പിന്തുണയ്ക്ക സമർപ്പിക്കപ്പെട്ടിട്ടുള്ള **തിരുമാറാടി ഗ്രാമ**പഞ്ചായത്തിന്റെ വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻ സ്റ്റേറ്റ്മെന്റ് എന്നിവയും **31.03.2025** തീയതി വരെയുള്ള ബ സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അ പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗ പ്രകടിപ്പിക്കുക എന്നതാണ് എന്റെഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡ പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനു അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നട പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മു ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നട മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളി ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്ന മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയ

അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡ
ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ
അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീ
ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**<u>വിശേഷണങ്ങളോടു കൂടിയ അഭിപ്രായം</u>** അനുബന്ധ
അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന
മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, **തിരുമാറാടി ഗ്രാ**
വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാ
സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ

**സ്ഥലം : എറണാകുളം**

**തീയതി : 11.07.2025**

## 1-1-2 എ.എഫ്.എസിൽ അടിസ്ഥാന അനുപാതങ്ങൾ

വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തേണ്ട അടിസ്ഥ
പഞ്ചായത്ത് രാജ് അക്കൌണ്ട്സ് ചട്ടങ്ങൾ 2011, ചട്ടം 62(എഫ്) )

## 1-1-3 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ ന്യൂനത.

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2024-25 കാലയളവിലെ "Net
Equivalent" ആയി രേഖപ്പെടുത്തിയിട്ടുള്ളത് ₹75,60,980.00 ആണ്.
"Net Cash Generated By Operating + Investing+ Financing Activity" ആ
₹40,81,587.00 ആണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാ
തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും ലഭ്യമാക്കിയ ക
തുകകൾ പൊരുത്തപ്പെടുന്നില്ല.

## 1-1-4 സി.എഫ്.സി. ഗ്രാന്റ് ചെലവ് പൊരുത്തപ്പെടുന്ന

സി.എഫ്.സി. ചെലവ് തുക, വാർഷിക ധനകാര്യ പത്രിക, സു
തമ്മിൽ 84,000/- രൂപയുടെ വ്യത്യാസം കാണുന്നു.

## 1-1-5 സംരക്ഷണ ഗ്രാന്റ് റോഡിതരം ചെലവ് പൊരു

സംരക്ഷണ ഗ്രാന്റ് (റോഡിതരം) ഫണ്ടിന്റെ വിനിയോ
ധനകാര്യ പത്രികയും സുലേഖ ചെലവ് സ്റ്റേറ്റ്മെന്റും തമ്മിൽ
കാണുന്നു.

## 1-1-6 സംയുക്ത പ്രോജക്ട് ബ്ലോക്ക് വിഹിതം ചെലവ്

ഇൻകം & എക്സ്പെൻ്ററിച്ചർ സ്റ്റേറ്റ്മെന്ററിലെ ഐ.6 ഷെഡ്യൂ
ചെലവ് ₹750,000/- ആണ്. എന്നാൽ സുലേഖ ചെലവ് സ്റ്റേറ്റ്
ആണ്.

## 1-2 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തേക്കുള്ള ബജറ്റ് എസ്റ്റി
പ്രകാരം ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി അംഗീകരിച്ച്
സമർപ്പിക്കുകയും ആയത് 7.2.2024 ലെ 1(1)-ാം നമ്പർ തീരുമാന
അംഗീകരിച്ച് പാസ്സാക്കുകയും ചെയ്തിട്ടുണ്ട്.

പ്രസ്തുത ബജറ്റ് ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി 27.2.2025 ലെ 3-ാ
പഞ്ചായത്ത് കമ്മിറ്റിക്ക് സമർപ്പിക്കുകയും ആയത് പഞ്ചായത
നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുമുണ്ട്.

| ബജറ്റ് എസ്റ്റിമേറ്റ് | | റിവൈസ്ഡ് ബജറ്റ് എസ്റ്റി |
|---|---|---|
| മുന്നിരുപ്പ് | ₹13,93,482 | |
| വരവ് | ₹19,50,28,018 | ₹1 |
| **ആകെ** | **₹19,64,21,500** | **₹1** |
| ചെലവ് | ₹19,39,73,500 | ₹1 |
| നീക്കിയിരുപ്പ് | ₹24,48,000 | |

കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 214 ൽ, പഞ്ച
ബജറ്റ് നിർണ്ണയിക്കപ്പെടുന്ന ചട്ടങ്ങൾക്കും സർക്കാർ
പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും വിധേയമായി തയ്യ
അനുമതി നൽകുന്നതിനും നിഷ്കർഷിച്ചിട്ടുണ്ട്. എന
സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ബജറ്റ് ചട്ടങ്ങൾ പുറപ്പെടുവിച്ച്

## 1-3 സാമ്പത്തിക വിശകലനം

| | | |
|---|---|---|
| മുന്നിരുപ്പ് | : | |
| ഓഡിറ്റ് വർഷത്തെ വരവ് | : | ₹ |
| **ആകെ** | : | ₹ |
| ഓഡിറ്റ് വർഷത്തെ ചെലവ് | : | ₹ |
| നീക്കിയിരുപ്പ് | : | ₹ |

ഓഡിറ്റ് വർഷത്തെ ആകെ വരവ് ആകെ ചെ
ധനകാര്യപത്രകയിലെ റസീപ്റ്റ് & പേയ്മെന്റ് അക്കൗണ്ടിൽ
ഈ സ്റ്റേറ്റ്മെന്ററിൽ ഉൾപ്പെട്ടിട്ടില്ലാത്ത വരവുകൾ തുടർന
ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് (₹) | അലോട്ട്മെന്റ് പ്രകാരം വരവ്(₹) | ആകെ (₹) | ചെലവ് (₹) |
|---|---|---|---|---|
| വികസന ഫണ്ട്(ജനറൽ) | 0 | 11499000 | 11499000 | 11499000 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 4101000 | 4101000 | 2838545 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 0 | 19457000 | 19457000 | 14825512 |
| മെയിന്റനൻസ് ഗ്രാന്റ് (നോൺ-റോഡ്) | 0 | 6035000 | 6035000 | 6035000 |
| സി.എഫ്.സി – ബേസിക്ക് | 549086 | 2016664 | 2565750 | 1106155 |
| സി.എഫ്.സി –ടൈഡ് | 0 | 4418064 | 4418064 | 2085486 |
| റൂറൽ ഹൌസിങ്ങ് 320100160 | 159432 | 1600000 | 1759432 | 1530000 |
| ടോട്ടൽ സാനിട്ടേഷൻ 320100182 | 0 | 360000 | 360000 | 360000 |
| നിർമൽ പുരസ്കാരം 320100191 | 5500 | 0 | 5500 | 0 |
| ഐ.സി.ഡി.എസ്. 320100196 | 301099 | 1118853 | 1419952 | 424462 |
| ലിറ്ററസി സ്കീം 320100197 | 1545 | 43 | 1588 | 0 |
| ശുചിത്വമിഷൻ ഗ്രാന്റ് 320100198 | 604778 | 10215 | 614993 | 613048 |
| ഹെൽത്ത് ഗ്രാന്റ് ഡയഗ്നോസ്റ്റിക് ഇൻഫ്രാസ്ട്രക്ചർ 320100202 | 648818 | 335063 | 983881 | 362112 |
| ഹെൽത്ത് ഗ്രാന്റ് വെൽനസ് സെന്റർ 320100204 | 114650 | 521808 | 636458 | 59000 |
| അദർ ലയബിലിറ്റി 320100999 | 494 | 9 | 503 | 50 |
| സോളിഡ് വേസ്റ്റ് 320200304 | 6 | 0 | 6 | 0 |

| | | | | |
|---|---|---|---|---|
| എം.പി.എൽ.എ.ഡി 320200306 | 36512 | 0 | 36512 | 0 |
| അദർ ഗവ.ഏജൻസീസ് 320300199 | 258052 | 0 | 258052 | 0 |
| അദർ സ്പെഷ്യൽ പർപ്പസ്-കിഡ്സ് പാർക്ക്-സി.എസ്.ആർ-സി.എസ്.എൽ. 320800199 | 0 | 257000 | 257000 | 0 |

*കുറിപ്പ്:*

. വികസന ഫണ്ട് ജനറൽ വരവിലും ചെലവിലും ഉത്തരവത്തി( പ്രകാരം ക്രമീകരിച്ച ₹18,59,558/- ഉൾപ്പെടുന്നുണ്ട്.

. വികസന ഫണ്ട് ജനറൽ ചെലവ്, ₹1,02,80,029/- റവന്യൂ ( ചെലവും ഉൾപ്പെടുന്നതാണ്.

. വികസന ഫണ്ട് എസ്.സി.പി. വരവിലും ചെലവിലും ഉത്ത പ്രോജക്ട് പ്രകാരം ക്രമീകരിച്ച ₹99,095/- ഉൾപ്പെടുന്നുണ്ട്.

. വികസന ഫണ്ട് എസ്.സി.പി. ചെലവ്, ₹27,82,545/- റവന്യ ചെലവും ഉൾപ്പെടുന്നതാണ്.

. മെയിന്ററനൻസ് ഗ്രാന്റ് റോഡിതരം ചെലവ്, ₹52,35,524/- മൂലധന ചെലവും ഉൾപ്പെടുന്നതാണ്.

. സി.എഫ്.സി.അൺടൈഡ് ഗ്രാന്റ് ചെലവ്, ₹9,32,545/- റവന്യ ചെലവും ഉൾപ്പെടുന്നതാണ്.

. സി.എഫ്.സി.ടൈഡ് ഗ്രാന്റ് ചെലവ്, ₹7,97,884/- റവന്യൂ ചെല( ചെലവും ഉൾപ്പെടുന്നതാണ്.

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | പദ്ധതി ചെലവ് | പൂർണ്ണമായി നടപ്പാക്കിയത്. എണ്ണം | ഭാഗികമായ് നടപ്പാ ക്കിയത്. എണ്ണം |
|---|---|---|---|---|
| 204 | ₹8,68,11,629 | ₹4,82,00,235 | 128 | 70 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെല( |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| ഭരണ ചെലവുകൾ | ₹1,226 | ₹17,43,772 | ₹17,44,998 | ₹17,44,9 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | 0 | ₹2,55,34,222 | ₹2,55,34,222 | ₹2,55,34,2 |
| ആകെ | **₹1,226** | **₹2,72,77,994** | **₹2,72,79,220** | **₹2,72,79,2** |

## 1-7 ക്ഷേമ പദ്ധതികൾ

| ക്ഷേമപദ്ധതി യുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്ത ടെഎ |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | ₹38,67,600 | 230 |
| വിധവാപെൻഷൻ | ₹90,61,400 | 574 |
| വാർദ്ധക്യകാല പെൻഷൻ | ₹2,82,95,000 | 1887 |
| വികലാംഗപെൻഷൻ | ₹25,98,100 | 169 |
| അവിവാഹിതരായ 50 വയസ്സിനുമുകളിൽ പ്രായമായ വനിതകൾക്കുള്ള ധനസഹായം | ₹9,79,200 | 43 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | ₹30,000 | 1 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) ( ബാലൻസ് പരിശോധന 11.06.2025 തീയതിയിൽ ഉച്ചയ്ക്ക് 3.0( തലവന്റെ സാന്നിദ്ധ്യത്തിൽ നടത്തി. ക്യാഷ് ബാലൻ( പരിശോധനയിൽ ബോദ്ധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

**പദ്ധതി മോണിറ്ററിങ്ങ് സംവിധാനം കാര്യക്ഷമമല്ല.**

വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്ന പ്രോജക്ടു വിവിധ ഘട്ടങ്ങളിൽ ബന്ധപ്പെട്ട മോണിറ്ററിങ്ങ് സമി( വർക്കിങ്ങ് ഗ്രൂപ്പുകൾ ആണ് പ്രോജക്ടിന്റെ നിർവ്വഹണ സമിതിയായി പ്രവർത്തിക്കേണ്ടത്. എന്നാൽ പൂർത്തിയാക്കി തന്നെ മോണിറ്ററിങ്ങ് റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. മരാമത്ത് മോണിറ്ററിങ്ങ് റിപ്പോർട്ട് എഴുതി വച്ചിട്ടുണ്ടെങ്കിലും സമിതിയ മറ്റ് അംഗങ്ങൾ എന്നിവർ ഒപ്പുവച്ചിട്ടില്ല. പ്രോജക്ട് നിർവ്വഹണ കാര്യക്ഷമവുമായ മോണിറ്ററിങ്ങിനെ ആശ്രയിച്ചാണി മോണിറ്ററിങ്ങ് സമിതികൾ ബന്ധപ്പെട്ട പ്രോജക്ടുകളുടെ പു വിലയിരുത്തി റിപ്പോർട്ട് തയ്യാറാക്കി പഞ്ചായത്ത് കമ്മിറ്റിയിര(

**ഓഡിറ്റ് റിപ്പോർട്ടുകളുടെ തീർപ്പാക്കൽ- കാര്യക്ഷമമല്ല.**

ഗ്രാമപഞ്ചായത്തിന്റെ 1987-88 മുതൽക്കുള്ള 25ഓളം 6
പരാമർശങ്ങളും തീർപ്പാക്കാതെ അവശേഷിക്കുന്നുണ്ട്.
വാർഷിക ഓഡിറ്റ് റിപ്പോർട്ടുകളിന്മേൽ ചട്ടപ്രകാരമുള്ള ത
തന്നെ സ്വീകരിക്കപ്പെടാത്തതാണ് ഇത്രയധികം
തീർപ്പാക്കപ്പെടാതെ അവശേഷിക്കുന്നത്. 1997 ലെ കേരള പ
രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങൾ ചട്ടം 21 പ്രകാ
രണ്ടുമാസത്തിനകം, റിപ്പോർട്ടിൽ പ്രതിപാദിക്കുന്ന പരാമർ
നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതും റിപ്പോർട്ട് ഓ
ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതുമായി ബന്ധപ്പെട്ടി
ഉപാധികളായ ഈ ചട്ടം പഞ്ചായത്ത് പാലിക്കുന്നില്ല. തീർ
ഓഡിറ്റ് റിപ്പോർട്ടുകളിലെ പരാമർശങ്ങൾ ചട്ടപ്രകാരം തീർപ്പ
സ്വീകരിക്കേണ്ടതാണ്.

## 1-10 ബി.എസ്.എൻ.എൽ. ടവർ വസ്തുനികുതി കുടിശ്ശി വരുമാന നഷ്ടം.

ഗ്രാമപഞ്ചായത്തിലെ 2/490, 5/481, 13/201 എന്നീ നമ്പരുകളുള
ടവറുകളുടെ വസ്തുനികുതി 2013-14 മുതൽ 2017-18 വരെയുള്ളത്
ഈ വിഷയം സംബന്ധിച്ച് ഗ്രാമപഞ്ചായത്ത് കമ്മറ്റി
അടിയന്തിരമായി അടവാക്കുന്നതിനുള്ള നടപടി സ്വീകരിക്ക
അധികൃതരെ അറിയിക്കുന്നതിനായി 6.9.2024 ലെ 12(1) തീ
എന്നാൽ 26.3.2025 ലെ 12(1) തീരുമാനം പ്രകാരം ബി.എസ്.എ
മുതൽ 2017-18 വരെയുള്ള വസ്തുനികുതി കുടിശ്ശിക
തുടർന്നുള്ള വർഷങ്ങളിലെ നികുതി അടവാക്കിയിട്ടുള്ളത് ‍
തീരുമാനിച്ചു (ക്ഷേമകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി ചെയർമ
തീരുമാനത്തോട് വിയോജനം രേഖപ്പെടുത്തി).

ഏത് സാഹചര്യത്തിലാണ് കുടിശ്ശിക ഈടാക്കുവാൻ കഴിയാ
രൂപയാണ് ഇപ്രകാരം കുടിശ്ശിക ഒഴിവാക്കി നൽകി
തീരുമാനത്തിന്റെ തുടർ നടപടി വിവരങ്ങൾ അറിയി
നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.13/12.06.2025) മറുപടി ലഭ്യ

15.06.2024 ലെ എ.ജി.എം.മൊബൈൽ പ്ലാനിങ്ങ് ബി.എസ്.എൻ
കത്ത് പ്രകാരം ബഹു കേരള ഹൈ കോടതിയുടെ RP 411/20
വിധി അനുസരിച്ച് ഡിമാന്റ് നോട്ടീസ് നൽകിയിട്ടുള്ള കാല
തുക ഈടാക്കുവാൻ വ്യവസ്ഥയില്ല എന്ന് അറിയിച്ചിട്ടുള്ളത
ബി.എസ്.എൻ.എൽ. അടവാക്കിയ തുക 2017-18 മുതലുള്ള

ചെയ്ത് ക്രമീകരിച്ചിട്ടുള്ളത് എന്നാണ് മറുപടി ലഭ്യമാക്കിയിട്ടു
2013-14 മുതൽ 2016-17 വരെയുള്ള വസ്തുനികുതി കുടിശ്ശിക ഒഴി

മേൽ സൂചിപ്പിച്ചിട്ടുള്ള കേസിൽ തിരുമാറാടി ഗ്രാമപ ആയതിനാൽ തന്നെ പ്രസ്തുത വിധി ഗ്രാമപഞ്ചായത്തിന് കൈക്കൊണ്ട നടപടി ശരിയല്ല. യഥാസമയം വസ്തുനികു ഗ്രാമപഞ്ചായത്ത് ബി.എസ്.എൻ.എല്ലിന് ഡിമാന്റ് നോട്ടീസ് ന കാലഹരണ നിയമം ബാധകമാവുകയുള്ളു. 2013 -14 വസ്തുനികുതിക്കായി ഡിമാന്റ് നോട്ടീസ് നൽകിയിട്ടുണ്ടോ എ 14 മുതൽ 2016-17 വരെയുള്ള നികുതി ഒഴിവാക്കിയത ലഭിക്കേണ്ടിയിരുന്ന വസ്തുനികുതി നഷ്ടപ്പെട്ടിട്ടുണ്ട്. വിശദവിവ

| കെട്ടിട നമ്പർ | വാർഷിക നികുതി | ലൈബ്രറി സെസ് | ആകെ | 13-14 – 1 വരെയുള്ള | |
|---|---|---|---|---|---|
| 2/490 | ₹7,200 | ₹360 | ₹7,560 | ₹7,560 X 4 | |
| 5/481 | ₹9,000 | ₹450 | ₹9,450 | ₹9,450 X 4 | |
| 13/201 | ₹11,550 | ₹578 | ₹12,128 | ₹12,128 X 4 | |
| **ആകെ** | **₹27,750** | **₹1,388** | **₹29,138** | **₹29,138 X 4** | |

ഈ തുക ബാലൻസ് ഷീറ്റിൽ കിട്ടാനുള്ളതായി രേഖപ്പെ ഗ്രാമപഞ്ചായത്തിന് നഷ്ടമായിട്ടുണ്ട്. ഈ തുക ബി.എസ്.എൻ ഡിമാന്റ് നൽകാതെ തുക കാലഹരണപ്പെടുന്നതിന് കാര നിന്നോ ഈടാക്കേണ്ടതാണ്.

## 1-11 തൊഴിൽ നികുതി പിരിവ് കാര്യക്ഷമമാക്കേണ്ട

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204, 1996 (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം ഓരോ അ പ്രദേശത്ത് അറുപത് ദിവസത്തിൽ കുറയാതെ തൊഴിലിലേ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളിൽ നിന്നും ബാധ ഈടാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നു. ഗ്രാമപഞ്ചായത വർഷത്തെ തൊഴിൽ നികുതി രേഖകൾ പരിശോധിച്ചതിൽ താഴെ ചേർക്കുന്നു.

**1) സ്ഥാപനങ്ങളുടെ ഡാറ്റാ ബേസ് നിലവിലില്ല**

തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ ജീവനക്കാരു വാർഡ് തിരിച്ചുള്ള ഡാറ്റാ ബേസ് നിലവിലില്ല. തൊഴിൽ നി ആദ്യത്തെ പേജിൽ തൊഴിൽ നികുതി ഈടാക്കിയ സ്ഥാപന പ്രകാരം ചേർക്കുകയാണ് ചെയ്യുന്നത്. ആയതുമായി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേ

ലഭ്യമായ മറുപടിയിൽ വാർഡ് തിരിച്ചുള്ള ഡാറ്റാ ബേസ് തയ്യാ
നടപടി സ്വീകരിക്കുന്നതാണ് എന്ന് വിവരിക്കുന്നു.തൊഴ
ബാധ്യസ്ഥരായ ജീവനക്കാരുടെയും, സ്ഥാപനങ്ങളുടെ
ഇലക്ട്രോണിക് ഡാറ്റാബേസ് തയ്യാറാക്കേണ്ടതും വിവരം ഓഡ

**2) കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയ**

തൻ വർഷത്തെ എഗ്രിമെന്റ് രജിസ്റ്റർ പ്രകാരം 27 മരാമ
കരാറുകാരുമായി കരറിലേർപ്പെട്ടിട്ടുള്ളതാണ്. എഗ്രിമെ
കരാറുകാരു വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | കരാറുകാരുടെ പേര് | ഏറ്റെടുത്ത പ്രോജക്ട് കളു |
|---|---|---|
| 1 | നികിൽ ടി.പി | 41/2025<br>47/2025 |
| 2 | സുബി പോൾ | 45/2025<br>97/2025 |
| 3 | ജോർജ് കെ.എം | 40/2025<br>189/2025 |
| 4 | ചാക്കോ പി.കെ. | 36/2025<br>193/2025<br>32/2025<br>44/2025<br>56/2025<br>43/2025 |
| 5 | ഷാജി കുമാർ കെ.കെ. | 38/2025<br>210/2025<br>46/2025 |
| 6 | ജോജിഷ് ജോസ് | 209/2025<br>99/2025<br>106/2025<br>208/2025<br>91/2025<br>88/2025<br>110/2025 |
| 7 | ബിജു ജോസഫ് | 223/2025 |
| 8 | ബിജു ഐസക്ക് | 109/2025<br>111/2025<br>218/2025<br>206/2025 |

മേൽ പട്ടികയിൽ വിവരിച്ച 8 കരാറുകാരുടെ തൊഴിൽ നിക
രേഖകൾ ഓഡിറ്റിന് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ
(22/16.06.2025) ലഭ്യമാക്കിയ മറുപടിയിൽ മേൽ വിവരിച്ച
തൊഴിൽ നികുതി ഒടുക്കിയിട്ടില്ല എന്നും ആയത് ഈടാക്ക
ലഭ്യമാക്കുന്നതാണെന്നും വിവരിക്കുന്നു. തൊഴിൽ നികു

സ്ഥാപനങ്ങളിൽ ഒടുക്കിയിട്ടുണ്ടെങ്കിൽ അവരിൽ നി
വിവരങ്ങളും, തൊഴിൽ നികുതി ഈടാക്കാത്തവരിൽ
ഈടാക്കിയതിന്റെ രസീത് വിവരങ്ങളും ഓഡിറ്റിൽ ലഭ്യമാ

## 1-12 പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് നടത്തുന്നില്ല.

ഗ്രാമ പഞ്ചായത്തിൽ പെർമിറ്റ് നൽകി, ഒക്കുപ്പൻസി ന
സെക്രട്ടറി പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് നടത്തണം. അനധിക
വരുത്തൽ, വിപുലീകരണം, ഉപയോഗമാറ്റം എന്നിവ വരുത്ത
ഇപ്രകാരം പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് നടത്തേണ
ഒഴിവാക്കിയിട്ടുള്ള (രണ്ട് നിലവരെയുള്ള റെസിഡൻഷ്യൽ
വരെയുള്ള വാണിജ്യ കെട്ടിടങ്ങൾ മുതലായവ)
കെട്ടിടങ്ങളിന്മേൽ ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് നൽകി 2 വ
പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് നടത്തണം. ചട്ടപ്രകാരമ
സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിശദവിവരം ലഭ്യമാക്കുവാനാവശ
25-ാം നമ്പർ അന്വേഷണകുറിപ്പിന് ചട്ടപ്രകാരമുള്ള പേ
ഗ്രാമപഞ്ചായത്തിൽ നാളിതുവരെ നടത്തിയിട്ടില്ലെന്നും,
ഒക്കുപ്പൻസി ഓഡിറ്റ് നടത്തുന്നതിനുള്ള നടപടികൾ സ
മറുപടി ലഭ്യമാക്കിയിട്ടുള്ളത്. ആയത് സംബന്ധിച്ച് തുട
വിശദവിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-13 നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടങ്ങൾ നടപടികൾ സ്വീകരിക്കുന്നില്ല.

പെർമിറ്റ് രജിസ്റ്ററിൽ തൻവർഷം ക്രമവൽകരണത്തിന
രേഖപ്പെടുത്തിയ അപേക്ഷകൾ തുടർനടപടികൾ സ്വീക
ലഭ്യമായ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഫയൽ നം/ തീയതി | അപേക്ഷകന്റെ പേര് | വാർഡ് നം/ കെട്ടിടത്തിന്റെ ഉപയോഗ ഗണം / ആകെ വിസ്തീർണ്ണം(ച.മീ) | റിമാർ |
|---|---|---|---|---|
| 1 | 1891/24 / 11.06.2024 | റോയി & സുജാ റോയി | 02 / ഗ്രൂപ്പ് എ1 / 382.33 | ന്യൂനതകൾ പരിഹരിക്കുന്ന 29.06.2024 ൽ കത്ത് |
| 2 | 1892/24 / 11.06.2024 | റോയി & സുജാ റോയി | 02 / ഗ്രൂപ്പ് എച്ച് / 992.48 | ന്യൂനതകൾ പരിഹരിക്കുന്ന 29.06.2024 ൽ കത്ത് |
| 3 | 2259/24 / 15.07.2024 | അഞ്ചു മോഹനൻ | 4 / ഗ്രൂപ്പ് എ1 / 250.31 | ന്യൂനതകൾ പരിഹരിക്കുന്ന |

| | | | | 01.08.2024 ൽ കത്ത് |
|---|---|---|---|---|

മേൽ പട്ടികയിൽ വിവരിച്ച കെട്ടിടങ്ങൾ ക്രമവൽക്കര
തരത്തിൽ നിർമിതിയിൽ വന്നിട്ടുള്ള ന്യൂനതകൾ വിവരിച്ച
സൂചിപ്പിച്ച തീയതിയിൽ ഗ്രാമപഞ്ചായത്തിൽ നിന്നും കത്ത്
നിലവിലും പ്രസ്തുത കെട്ടിടങ്ങൾ ആയത് പരിഹരിച്ച്
ക്രമവൽക്കരണം നടത്തിയിട്ടില്ലാത്തതുമാണെന്നാണ്
വ്യക്തമാകുന്നത്. ഗ്രാമ പഞ്ചായത്ത് പരിധിയിൽ
നിയമാനുസൃതമല്ലാതെ നിർമ്മിക്കുകയോ പുനർനി
സ്വീകരിക്കാവുന്ന ഏതെങ്കിലും നടപടിയ്ക്ക് ഹാനി
പൂർത്തിയാക്കുകയോ, അത് വകപ്പ് 233, ഉപവകുപ്പ് 2 ൽ
ആവശ്യത്തിനു ഉപയോഗപ്പെടുത്തുകയോ ഇതിൽ ഏതാണോ
മുതൽ ആ കെട്ടിടം പൊളിച്ചു മാറ്റുന്ന തീയതി വരെ
നിർമ്മിച്ചിരുന്നുവെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന
രണ്ടിരട്ടി വരുന്ന തുകയും ചേർന്നുള്ള തുക വസ്തുനികുതി
കേരള പഞ്ചായത്ത് രാജ് ആക്റ്റ് അനുശാസിക്കുന്നു. ഇപ്ര
നാളിതുവരെ UA നമ്പർ നൽകി ചട്ടപ്രകാരമുള്ള വസ്തു
ഈടാക്കിട്ടില്ലാത്തതിന് വിശദീകരണം ആരാഞ്ഞ് 18.06.2025
ഓഡിറ്റ് അന്വേഷണകുറിപ്പിന് ലഭ്യമായ മറുപടിയിൽ പ്രസ്തു
നടത്തുന്നതിനായി ഒരു ഓർമ്മകുറിപ്പ് നൽകിയതിന്
പരിഹരിക്കുന്നില്ലാത്തപക്ഷം UA നമ്പർ നൽകി
ഈടാക്കുന്നതാണെന്നാണ്. സമയബന്ധിതമായി പ്രസ്തുത
നടത്താതെ തുടരുന്ന സാഹചര്യത്തിൽ പ്രസ്തുത കെട്ടിടങ്ങളു
ആയി പരിഗണിച്ച് ചട്ടപ്രകാരമുള്ള നികുതി നിർ
ഈടാക്കേണ്ടതാണ്. തുടർനടപടിവിവരം ഓഡിറ്റിൽ രേഖാമൂ

## 1-14 IFTE&OS ലൈസൻസ് - വാർഡ് തിരിച്ചുള്ള ട്രേഡ കാലികമാക്കേണ്ടതാണ്.

1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും
പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽ
25 വർഷത്തിൽ ലൈസൻസ് അനുവദിച്ചതിന്റെ ഡിമാന്റ് ര
പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന
സംബന്ധിച്ച വാർഡ് തിരിച്ചുള്ള ലിസ്റ്റ് നിലവിൽ ഉള്ളത് കാ
ആകെ 232 സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിട്ടുള്ളതും 202
സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിട്ടുള്ളതുമാണ്. എന്നാ
അന്വേഷണകുറിപ്പിന്റെ അടിസ്ഥാനത്തിൽ ഹാജരാക്കിയ

ആകെ 165 സ്ഥാപനങ്ങളുടെ വിവരങ്ങളാണ് രേഖപ്പെ ലൈസൻസ് രജിസ്റ്ററിൽ ഗ്രാമപഞ്ചായത്തിൽ അതത് അപേക്ഷകൾ ലഭ്യമാകുന്നമുറയ്ക്ക് സ്ഥാപനങ്ങളുടെ വി ചേർക്കുകയാണ് ചെയ്യുന്നത്. ആയതിനാൽ ഗ്രാമപഞ്ചായത്ത് സ്ഥാപനങ്ങൾ (ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ടവയും, മു എടുത്തിട്ടുള്ളതും ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെടാത്തതുമായതും പ്രവർത്തിക്കുന്നുണ്ടോ എന്ന് ഉറപ്പിക്കാൻ സാധിക്കുന്നില്ല. കാലികമാക്കേണ്ടതും പ്രസ്തുത ലിസ്റ്റിന്റെ ക്രമത്തിൽ രേഖപ്പെടുത്തി ഗ്രാമപഞ്ചായത്തിൽ ലൈസൻസ് ഇല്ലാ പ്രവർത്തിക്കുന്നില്ല എന്ന് ഉറപ്പാക്കേണ്ടതാണ്. തുടർ ന ലഭ്യമാക്കേണ്ടതുമാണ്.

## 1-15 നടുക്കര കുടിവെള്ള പദ്ധതി - നിഷ്ക്രിയമാകുന

ഗ്രാമപഞ്ചായത്ത് 2017-18 വാർഷിക പദ്ധതിയിൽ ഏറ്റെടുത്ത കുടിവെള്ള പദ്ധതിയാണ് നടുക്കര കുടിവെള്ള പദ്ധതി. ഈ പ പേരിലുള്ള വൈദ്യുത കണക്ഷന്റെ (കൺസ്യൂമർ നം. 1155 അടവാക്കാത്തതിനാൽ ലഭിച്ച ₹25,414 ന്റെ റവന്യൂ റിക്കവ ആയത് ഒഴിവാക്കിക്കിട്ടുന്നതിനായി കെ.എസ്.ഇ.ബി.അ വൈദ്യുതി റഗുലേറ്ററി കമ്മീഷനോട് ഐകകണ്ഠേന അഭ്യർ കമ്മിറ്റി തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുണ്ട് (4.11.2024 ലെ 27 റിക്കവറി നടപടികളിലേക്ക് കടന്ന തുക ഒഴിവാക്കി നൽ കഴിയില്ല എന്ന് അറിയിച്ചതിനെ തുടർന്ന് 13.3.2025 ല ചുമതലപ്പെടുത്തിയതനുസരിച്ച് സെക്രട്ടറി തുക അടാക്കിയിട്ട

| | |
|---|---|
| വൗച്ചർ നമ്പർ | 22401109/ 23.3.2025 |
| തുക | ₹27,881.00 |
| രസീത് നമ്പർ | KL07070301379/ 2025 |

ഗ്രാമപഞ്ചായത്തിനെതിരെ റവന്യൂ റിക്കവറി നടപടി സാഹചര്യം സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽ (നം.14/12.6.2025) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഈ പദ്ധതി പ തന്നെ ജൽജീവൻ മിഷൻ കുടിവെള്ള പദ്ധതിയിൽ ഉൾ ഗുണഭോക്താക്കൾക്ക് വാട്ടർ കണക്ഷൻ ലഭിച്ചതിനാൽ നട വേണ്ടി ഗുണഭോക്തൃസമിതി രൂപീകരിച്ചിട്ടില്ലാത്തത ചേർത്തിട്ടില്ലാത്തതുമാണ്. കുടിവെള്ള പദ്ധതി പ ഉൽഘാടനത്തിനോടനുബന്ധിച്ച് വാട്ടർ ടാങ്കിൽ വെള്ള

ചെയ്തിട്ടുള്ളതെന്നും വിശദീകരണം ലഭ്യമാക്കിയിട്ടുണ്ട്. 1
കണക്ഷൻ വിഛേദിച്ചിട്ടുള്ളതുമാണ്.

ഗുണഭോക്തൃസമിതി രൂപീകരിച്ച് അവർക്ക് പദ്ധതി കൈ
ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിന് സാധിക്കാത്ത സാഹ
ലഭിച്ച വൈദ്യുതി കണക്ഷൻ താൽക്കാലികമായി വിച്ഛേ
നടപടി സ്വീകരിക്കേണ്ടതായിരുന്നു. മാത്രമല്ല കുറച്ച് കാല
വൈദ്യുതിയുടെ ചാർജ്ജ് യഥാസമയം തന്നെ
പഞ്ചായത്തിനെതിരെ റവന്യൂ റിക്കവറി നടപടി സ്
ഒഴിവാക്കപ്പെടുമായിരുന്നു. ₹25,414/-ന്റെ റവന്യൂ റിക്കവറി
ആയത് അടവാക്കി നടപടി ഒഴിവാക്കിയിരുന്നെങ്കിൽ ₹246
ഒഴിവാക്കാമായിരുന്നു.

കേരള ഫിനാൻഷ്യൽ കോഡ് വോള്യം 1, ആർട്ടിക്കിൾ 40(C)
Should Not Be Left Unpaid, Inevitable Payments Should Not Be Postponed
പ്രിൻസിപ്പിൾ അനുസരിച്ച് ഭാവിയിൽ ഇത്തരം സാഹചര്യത്ത
ശ്രദ്ധിക്കേണ്ടതാണ്.

<u>നിഷ്ക്രിയമാകുന്ന ആസ്തി.</u>

നടുക്കര നിവാസികളുടെ കുടിവെള്ള ക്ഷാമം പരിഹ
ഏറ്റെടുത്ത ഈ കുടിവെള്ള പദ്ധതിയുടെ പൂർത്ത
ഗുണഭോക്താക്കൾക്ക് ജൽജീവൻ പദ്ധതിയിൽ ഉൾപ്പെടു
ലഭിച്ചതിനാൽ ഈ പദ്ധതി ഫലപ്രമായി ഉപയോഗപ്പെടു
കഴിഞ്ഞിട്ടില്ല എന്ന് വിശദീകരണം ലഭ്യമാക്കിയിട്ടുണ്ട്. ഇത
വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണം പൂർത്തീക
നടുക്കര കുടിവെള്ള പദ്ധതി നിഷ്ക്രിയ അ
അവസ്ഥയിലാണുള്ളത്.

ആവശ്യമായ അളവിലും മതിയായ ഗുണനിലവാരത്തിലു
സ്രോതസ്സുകൾ കാണപ്പെടുന്ന ഗ്രാമപഞ്ചായത്തുകളിൽ
രീതിയിൽ കുടിവെള്ള വിതരണ പദ്ധതികൾ ആസൂത്രണം
മിഷന്റെ പദ്ധതി നിർവ്വഹണ തന്ത്രങ്ങളിൽ ഒന്നാണ്. ആയ
പദ്ധതി ആസ്തിരജിസ്റ്ററിൽ ചേർക്കേണ്ടതും ആയത്
ഉപയോഗപ്പെടുത്തി സക്രിയമായി ഉപയോഗപ്പെടുത്തുന്ന
ഗ്രാമപഞ്ചായത്ത് പരിശോധിക്കുന്നത് ഉചിതമായിരിക്കും.

## <u>1-16 മുൻകൂർ തുകകൾ ക്രമീകരിച്ചിട്ടില്ല.</u>

വാർഷിക ധനകാര്യ പത്രികയിലെ ബി.18 ഷെഡ്യൂൾ പ്രകാര
ശീർഷകങ്ങളിലായി നൽകിയ മുൻകൂർ തുക

നിൽക്കുന്നതായി കാണുന്നു. മുൻകൂർ ആരൊക്കെയാണ്
നാളിതുവരെ ക്രമീകരിക്കാതിരുന്നവർക്കെതിരെ നടപടി സ.
വിവരവും ലഭ്യമാക്കുവാൻ താൽപര്യപ്പെട്ട് നൽകിയ
(നം.4/11.6.2025) മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

| കോഡ് | ശീർഷകം | തുക | ലഭ്യമാക്കിയ മറുപടിയിലെ |
|---|---|---|---|
| 460500499 | അദർ അക്രഡിറ്റഡ് ഏജൻസീസ് | ₹9,60,000 | MGNREGS ൽ ഉൾപ്പെടുത്തി അങ്കണവാടി നിർമ്മിക്കുന ബ്ലോക്ക് പഞ്ചായത്തിൽ നി ലഭിച്ച ₹7,00,000/-, പഞ്ചായത്ത ആവശ്യപ്പെടുന്ന മുറയ്ക്ക് ലഭ്യമാക്കണം എന്ന് വ്യവസ സ്റ്റേറ്റ് മിഷൻ അക്കൗണ്ടിലേ അടവാക്കിയിട്ടുള്ളത്. കഴി സാമ്പത്തിക വർഷം സ്ഥല വാങ്ങിച്ചിട്ടുണ്ട്. ഈ തുക വിനിയോഗിച്ച് അങ്കണവാ നിർമ്മാണം ഈ വർഷം ചെയ്യുന്നതാണ്. |
| | | | ₹2,60,000/- പ്രീമൺസൂൺ ക്ലീ പ്രവർത്തനങ്ങൾക്കായുള്ള മിഷൻ വിഹിതം തനത് ഫ നിന്നും മുൻകൂർ നൽകിയ ആയത് ലഭ്യമാകുന്ന മുറയ് ക്രമീകരിക്കുന്നതാണ്. |
| 460500501 | അഡ്വാൻസ് ടു ഇംപ്ലിമെന്റിങ്ങ് ഓഫീസേഴ്സ് | ₹1,16,221 | ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ക്രമീകരിക്കുന്നതാണ്. |
| 460509901 | അഡ്വാൻസ് ടു അദേഴ്സ് | ₹38,400 | സാക്ഷരതാ പ്രേരക്മാർക്ക് 2 ഏപ്രിൽ മുതൽ ജൂലൈ വ രൂപ വീതം സാക്ഷരതാ മി വിഹിതം തനത് ഫണ്ടിൽ മുൻകൂറായി നൽകിയത്. തിരികെ ലഭ്യമാക്കണമെന്നാവശ്യ 12.6.2025 ൽ കത്ത് നൽകിയ |

നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുള്ള മുൻകൂർ തു
വീതമാണ് എന്ന വിവരം ലഭ്യമാക്കിയിട്ടില്ല. ആയത് പരിശേ
കോഡ് വോള്യം 1 ആർട്ടിക്കിൾ-99 പ്രകാരം മുൻകൂർ
ക്രമീകരിക്കേണ്ടതാണ്.

ശുചിത്വമിഷനു വേണ്ടിയും സാക്ഷരതാ മിഷനുവേണ്ടിയ
വിനിയോഗിച്ചിട്ടുള്ള തുകകൾ തിരികെ ഈടാക്കി തനത് ഫ

തനത് ഫണ്ടിന്റെ അപര്യാപ്തത ഉള്ള ഗ്രാമപഞ്ചായത്ത് ഇക്ക
ത്വരിതപ്പെടുത്തേണ്ടതാണ്.

## 1-17 മറ്റ് തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭിച്ച വിനിയോഗിക്കാതെ തുടരുന്നു.

വാർഷിക ധനകാര്യപത്രികയിലെ ബി.4 ഷെഡ്യൂൾ പ്രക സ്ഥാപനങ്ങളിൽ നിന്നും മുൻവർഷങ്ങളിൽ റവന്യൂ/മ ഗ്രാമപഞ്ചായത്തിന് ലഭിച്ച ഫണ്ട് വിനിയോഗിക്കാതെ അവശേ ചുവടെ ചേർക്കുന്നു.

| ഹെഡ് | നീക്കിയിരുപ്പ് | ഫണ്ടിന്റെ വിവരം (പഞ്ചാ ലഭ്യമാക്കിയ വിവരം) |
|---|---|---|
| ജോയിന്റ് വെഞ്ചർ -ക്യാപിറ്റൽ ബ്ലോക്ക് പഞ്ചായത്ത് 320700104 | ₹7,88,257 | പ്ലാസ്റ്റിക്ക് ഷ്രെഡ്ഡിങ്ങ് യൂണിറ്റ് വാഹനവും മറ്റ് അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതി ഫണ്ട്. |
| ജോയിന്റ് വെഞ്ചർ- റവന്യൂ ബ്ലോക്ക് പഞ്ചായത്ത് 320700204 | ₹31,465 | വിവിധ സംയുക്ത പ്രോജക്ടുകൾക്കായി ലഭിച്ചതി ബാലൻസ് വന്ന തുക. ഏതൊ പ്രവൃത്തികൾക്കായി ലഭിച്ച തുകയാണിതെന്ന് വ്യക്തമല്ല |
| അദർ സ്പെസിഫിക്ക് ഗ്രാന്റ് റവന്യൂ- ജില്ല പഞ്ചായത്ത് 320700405 | ₹10,000 | ലൈഫ് പദ്ധതിക്ക് വേണ്ടി ലഭ തുകയുടെ ബാക്കിതുകയാണ് |

ബി.4 ഷെഡ്യൂൾ പ്രകാരം രേഖപ്പെടുത്തിയിരിക്കുന്ന ഗ്രാമപഞ്ചായത്തിന്റെ ടി.എസ്.ബി. ജോയിന്റ് വെഞ്ചർ കൂട്ടിയിരുന്നത്. എന്നാൽ ഈ അക്കൗണ്ടിലെ തുക റിഡംപ്ഷനിലൂടെ തിരികെ എടുത്തിട്ടുള്ളതാണ്. 03.04.2( സർക്കുലർ പ്രകാരം ജോയിന്റ് വെഞ്ചർ ടി.എസ്.ബി. അക്ക നടത്തിയിട്ടുള്ള തുക ഇനി റീഅലോട്ട് ചെയ്യില്ല സാഹചര്യത്തിൽ ഈ തുക തിരികെ ലഭിക്കാൻ സാദ്ധ്യത പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനത്തിന് വിധേയമ ബാദ്ധ്യതയിൽ നിന്നും ഈ തുക ഒഴിവാക്കുന്നതിനുള്ള നടപടി

## 1-18 മുൻവർഷങ്ങളിൽ ലഭിച്ച ഗ്രാന്റുകൾ വിനിയോ രൂപ അവശേഷിക്കുന്നു.

ആസ്തി ബാദ്ധ്യത കണക്കിലെ B-4 ഷെഡ്യൂൾ പ്രകാരം മു ഗ്രാന്റുകളും യഥാകാലം വിനിയോഗിക്കാതെ ബാദ്ധ്യത ഗ്രാന്റ് തുക വിനിയോഗിക്കാതെ തുടരുന്നതിന്റെ കാര വർഷങ്ങളിൽ എന്ത് ആവശ്യങ്ങൾക്കായി ലഭിച്ചതെന്നും അ വിനിയോഗിച്ചിട്ടുണ്ടെങ്കിൽ അതിന്റെ വിവരങ്ങളും ലഭ ഓഡിറ്റ് എൻക്വയറി (നം. 05/11.6.2025) നൽകിയിരുന്നു. ഉൾപ്പെടുത്തി ബാദ്ധ്യത തുകകളുടെ വിവരം ചുവടെ ചേർക്കു

| ഹെഡ് | നീക്കിയിരിപ്പ് | ലഭ്യമാക്കിയ മറുപടി പ്ര നീക്കിയിരുപ്പിന്റെ വിശദ |
|---|---|---|
| നിർമൽപുരസ്കാരം 320100191 | ₹5,500 | പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനത്തിന് വിധേയമാ ശുചിത്വവുമായി ബന്ധപ്പെ പ്രവർത്തനങ്ങൾക്ക് ചെലവഴിക്കുന്നതാണ്. |
| ലിറ്ററസി സ്കീം 320100197 | ₹1,588 | കാലങ്ങളായി ഈ അക്കൗ ഇടപാടുകൾ ഇല്ലാത്തതും ന ഈ അക്കൗണ്ട് ആവശ്യമില്ലാത്തതുമായതി കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തനത് ഫണ്ടിലേക്ക് മുതൽകൂട്ടി അക്കൗണ്ട് ക്ലോസ് ചെയ്യുന്ന |
| അദർ ലയബിലിറ്റി 320100999 | ₹453 | കോവിഡ് പ്രവർത്തനങ്ങൾ ആരംഭിച്ച അക്കൗണ്ടിൽ പലിശയിനത്തിൽ ബാക്കി തുകയാണിത്. നിലവിൽ ഇ അക്കൗണ്ട് ആവശ്യമില്ലാത്തതുമായതി കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തനത് ഫണ്ടിലേക്ക് മുതൽകൂട്ടി അക്കൗണ്ട് ക്ലോസ് ചെയ്യുന്ന |
| സോളിഡ് വേസ്റ്റ് 320200304 | ₹6 | അങ്കണവാടികൾക്ക് ബോ സ്ഥാപിക്കുന്നതിനുവേണ്ടി ലഭ്യമായ തുകയിൽ ബാക്ക തുകയാണിത്. ഈ തുക അങ്കണവാടികൾക്ക് വേണ ഉപയോഗപ്പെടുത്തുന്നതാണ |
| എം.പി.എൽ.എ.ഡി 320200306 | ₹36,512 | 2011,2012 വർഷങ്ങളിൽ 2 പ്രവൃത്തികൾക്കായി ലഭി തുകയിൽ ബാക്കി വന്ന തുകയാണിത്. പഞ്ചായത്ത് |

| | | |
|---|---|---|
| | | കമ്മിറ്റിയുടെ തീരുമാനത്ത വിധേയമയി ഇത് 2025-26 വ പദ്ധതിയിൽ ഉൾപ്പെടുത്തി വികസനത്തിനായി ചെലവഴിക്കുന്നതിന് നടപ സ്വീകരിക്കുന്നതാണ്. |
| അദർ ഗവ.ഏജൻസീസ് 320300199 | ₹2,58,052 | ₹3,052/- വിമുക്തി പ്രവർത്തനങ്ങൾക്ക് ലഭിച്ച തുകയിൽ നീക്കിയിരിപ്പുള ബയോഗ്യാസ് പ്ലാന്റിനുള്ള കേന്ദ്രവിഹിതമായി 2013 ൽ ₹2,55,000/- രൂപയും ഉൾപ്പെടു (എന്നാൽ ഈ തുകയിൽ 20 വർഷത്തിൽ പ്രോജക്ട് നം.1 പ്രകാരം ₹1,64,218/- ചെലവഴിച്ചിട്ടുണ്ട്, എന്നാൽ യഥാകാലം കുറവ് ചെയ്തിട്ട ആയത് ക്രമീകരിക്കുമ്പോൾ ഈയിനത്തിൽ ₹90,782/- ആ യഥാർത്ഥത്തിൽ ബാക്കിയ |
| **ആകെ** | **₹3,02,111** | |

പ്രത്യേക ആവശ്യങ്ങൾക്ക് വേണ്ടി ലഭിച്ചിട്ടുള്ള ഈ വിനിയോഗിക്കുകയോ അല്ലാത്ത പക്ഷം ബന്ധപ്പെട്ട സ്ഥാപ അടവാക്കുകയോ ചെയ്യേണ്ടതാണ്. ഇക്കാര്യം ധനകാര്യ സ്റ്റാന് പെടുത്തുന്നു.

## 1-19 നിക്ഷേപ പ്രവൃത്തികൾ- 22.96 ലക്ഷം രൂപയുടെ പൂർത്തീകരിച്ചിട്ടില്ല.

വാർഷിക ധനകാര്യപത്രിക പ്രകാരം (ബി.18 ഷെഡ്യൂൾ) വിവിധ പ്രവൃത്തികൾക്കായി നിക്ഷേപിച്ച തുകകളിൽ ഇ മുൻകൂർ നൽകിയ തുക ക്രമീകരിക്കാതെ ഉള്ളതായി കാണ ചേർക്കുന്നു.

| ഹെഡ് കോഡ് | വർഷാരംഭത്തിൽ ക്രമീകരിക്കുവാൻ ബാക്കി നിൽക്കുന്ന തുക | ഓഡിറ്റ് വർഷത്തിൽ നിക്ഷേപിച്ച തുക | ധനവിനിയോഗ സാക്ഷ്യപത്രത്തിന് അടിസ്ഥാനത്തിൽ ക്രമീകരിച്ച തുക |
|---|---|---|---|
| 460500201 | ₹15,79,543 | ₹7,59,853 | ₹43,206 |

ഓഡിറ്റ് വർഷത്തിൽ നിക്ഷേപിച്ച ₹7,59,853/- (നിക്ഷേപത്തിന് ഖണ്ഡിക 4-4 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്) കിഴിച്ച് ₹15,36,337/- ഏ പ്രവൃത്തികൾക്ക് വേണ്ടിയാണ് ഈ തുകകൾ നിക്ഷേ ലഭ്യമാക്കുവാൻ താൽപര്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻ

ലഭ്യമാക്കിയ മറുപടിയിൽ ഇനിയും താഴെ ചേർക്കുന്ന പൂർത്തീകരിക്കാനുള്ളത്.

| പ്രവൃത്തിയുടെ പേര് | നിക്ഷേ |
|---|---|
| വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (197/24) | |
| കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (4/23) | |
| കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (4/23) | |
| ഉപയോഗമില്ലാത്ത പൊതുടാപ്പുകൾ വിച്ഛേദിക്കൽ (31.3.22 ൽ നൽകിയത്) | |
| മണിമലക്കുന്ന് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ 31.3.2022 ബാക്കി നിൽക്കുന്നത്. | |
| **ആകെ** | |

ഈ പ്രവൃത്തികൾ പൂർത്തീകരിച്ച് ധനവിനിയോ അടിസ്ഥാനത്തിൽ ബാലൻസ് ഷീറ്റിൽ ക്രമീകരണ ഇക്കാര്യത്തിൽ വികസന കാര്യം, ധനകാര്യം എന്നീ സ്റ്റാ അഭ്യർത്ഥിക്കുന്നു.

## 1-20 ഗ്രാന്റ് വിഹിതം യഥാസമയം വിനിയോഗിച്ചില്ല.

വാർഷിക ധനകാര്യ പത്രികയിലെ ബി-15 ഷെഡ്യൂൾ പ്രകാരം തുകയിനത്തിൽ (ഹെഡ് കോഡ് 431500199) ₹57,73,090/- വർഷാവസാനം തിരികെ ലഭിക്കുവാനുള്ള റിഡംപ്ഷൻ തുക

| |
|---|
| വൗ.നം. 22401206/ 31.3.2023: പ്രകാരം 2022-23 വർഷം ജോയിന്റ് വെഞ്ചർ.ടി.എസ്.ബി. -അക്കൗണ്ടിൽ (799011400001242) നിന്നും കുറവ് ചെയ്തത്. |
| വൗ.നം. 22201030/ 31.3.2025: പ്രകാരം തൻവർഷം എൽ.ജി.ടി.എസ്.ബി. - തനത് ഫണ്ട് അക്കൗണ്ടിൽ (799013000000593) നിന്നും കുറവ് ചെയ്തത്. |

ഈ തുകകളിൽ ₹48,73,182/- ഏപ്രിൽ 2025ൽ തിരികെ ലഭി പ്രോജക്ടിനായുള്ള ട്രഷറി അക്കൌണ്ടിൽനിന്നും റിഡം നാളിതുവരെ തിരികെ ലഭിച്ചിട്ടില്ല. 03.04.2024 ലെ 22/2024/ധന ജോയിന്റ് വെഞ്ചർ ടി.എസ്.ബി. അക്കൗണ്ടിൽ നിന്നും റിഡ ഇനി റീഅലോട്ട് ചെയ്യില്ല എന്ന് വ്യക്തമാക്കിയിട്ടുള്ള സാഹച ലഭിക്കാൻ സാദ്ധ്യതയില്ല. യഥാസമയം തുക വിനിയോഗിക പഞ്ചായത്തിന് നഷ്ടമായിട്ടുള്ളതാണ്.

പ്രത്യേക ആവശ്യങ്ങൾക്ക് വേണ്ടി ഗ്രാമപഞ്ചായത്തിന് ല നഷ്ടമാക്കാതെ യഥാസമയം തന്നെ നിർദ്ദിഷ്ട ആവശ്യത്തിനു

ശ്രദ്ധിക്കേണ്ടതാണ്.

## 1-21 ഹോമിയോ മരുന്ന് - പൂർണ്ണമായും ലഭ്യമായിട്ടില്ല തടസ്സപ്പെടുത്തുന്നു.

മെഡിക്കൽ ഓഫീസർ (ഹോമിയോ) നിർവ്വഹണം ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ എന്ന പ്രോജക്ടിന് ₹200000/- (സംരക്ഷണ ഗ്രാന്റ്-റോഡിതരം)] ഭാഗമായി M/S പ്രൊഫോർമ ഇൻവോയ്സിന്റെ (നം. പി.എഫ്.169/9.8.2024) പ്ര നൽകിയിട്ടുണ്ട് (UTR RBI 2992485285942/24.10.2024). എന്നാ മരുന്നുകൾ മാത്രമെ നാളിതുവരെ ഡിസ്പെൻസറിയിൽ ലഭ്യ വിശദവിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുൻകൂർ നൽകിയ തുക | ₹ |
| **ലഭ്യമായ മരുന്നിന്റെ വിവരം** | |
| ഇൻവോയ്സ് നം. എൽ.എഫ്.2593/17.2.2025 | ₹ |
| ഇൻവോയ്സ് നം. എൽ.എഫ്.220/19.5.2025 | |
| ആകെ ലഭ്യമായ മരുന്നിന്റെ മൂല്യം | ₹ |
| ഇനിയും ലഭ്യമാകുവാനുള്ള മരുന്നിന്റെ മൂല്യം | |

മരുന്നുകൾ സമയബന്ധിതമായും പൂർണ്ണമായും ലഭ്യമാ നടപടി സംബന്ധിച്ചും മരുന്ന് യഥാസമയം ല ഗുണഭോക്താക്കൾക്ക് ചികിത്സ നൽകുന്നതിന് തടസ്സം സംബന്ധിച്ചും ഉള്ള വിവരങ്ങൾ ലഭ്യമാക്കുവാൻ താൽ എൻക്വയറിക്ക് (നം.18/13.6.2025) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മാസത്തിനുള്ളിൽ ലഭ്യമാക്കുന്നതാണെന്നും 2024-25 വ ചെയ്യുന്നതിന് 24.7.2025 വരെ ഹോംകോയ്ക്ക് കാലാവധി ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ അത്യാവശ്യ മരുന്നുകൾ എ ചെയ്യുന്നതിനാൽ ചികിത്സ നൽകുന്നതിന് തടസ്സം ഉണ്ടാകുന്

കരാർ കാലാവധിക്കുള്ളിൽ മരുന്ന് ലഭ്യമാക്കുന്നതിനും ക ചെയ്യുന്നില്ലെങ്കിൽ നിയമാനുസൃത പിഴ ഈടാക്കുന്നതിനും ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-22 പൈപ്പ് ലൈൻ എക്സ്റ്റൻഷൻ- പ്രവൃത്തി പൂർത്ത രൂപ ചെലവ് തടസ്സപ്പെടുത്തുന്നു.

| | | |
|---|---|---|
| പ്രോജക്ട് | തിരുമാറാടി ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷ (134/25) | |
| അടങ്കൽ | ₹6,66,853/- (ധനകാര്യക്കമ്മീഷൻ ഗ്രാന്റ്) | |
| ചെലവ് | ₹5,66,853 | XVFC/2024-25/P/12/19.6.2024 |

| | | |
|---|---|---|
| | ₹1,00,000 | XVFC/2024-25/P/13/21.6.2024 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി ഗ്രാമപഞ്ചായത്ത് | |

ഈ പ്രവൃത്തി പൂർത്തീകരിച്ച് ഫൈനൽ ബിൽ സഹിതം ധ
പ്രവൃത്തി നിർവ്വഹണവുമായി ബന്ധപ്പെട്ട മോണിട്ടറിങ്
റിപ്പോർട്ട്, ജല അതോറിറ്റിയുമായി ഏർപ്പെട്ടിട്ടുള്ള കരാർ എ
ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം
സാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ട് 29.3.2025 ര
നൽകിയിട്ടുണ്ടെന്നും ആയതും കരാർ, മോണിട്ടറിങ്ങ് സമ
ഹാജരാക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഈ
പൂർത്തീകരിച്ച് രേഖകൾ ലഭ്യമാക്കുന്നതിന് വിധേയമായി
തടസ്സപ്പെടുത്തുന്നു.

## 1-23 കുടിവെള്ള ടാപ്പുകൾ വിച്ഛേദിക്കൽ - പ്രവൃത്ത

| | | |
|---|---|---|
| പ്രോജക്ട് | തെരുവ് ടാപ്പുകൾ വിച്ഛേദിക്കുന്നതിന തുക അടവാക്കൽ (53/25) | |
| അടങ്കൽ | ₹93,000/- (ധനകാര്യക്കമ്മീഷൻ ഗ്രാന്റ്) | |
| ചെലവ് | ₹93,000/- | XVFC/2024-25/P/28/26.11.2024 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി ഗ്രാമപഞ്ചായത്ത് | |

ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 19.08.2024 ലെ 4(1) -ാം
പഞ്ചായത്തിൽ ഉള്ള 43 പൊതുടാപ്പുകൾ നിലവിവിൽ ഉ
വരുമാനം കുറഞ്ഞ പഞ്ചായത്ത് ആയതിനാൽ വെള്ളക
അടവാക്കേണ്ടത് ബാദ്ധ്യത ആകുന്നതിനാലും ഈ
വിശ്ചേദിക്കുന്നതിന് തീരുമാനിക്കുകയും ആയതിലേക്ക്
തയ്യാറാക്കി നൽകുന്നതിന് ജലഅതോറിറ്റിയോട്
തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. ഇതേ തുടർന്ന് ജല
എഞ്ചിനീയർ ₹93,000/- ന്റെ എസ്റ്റിമേറ്റ് തയ്യാറാക്കി നൽകി
മേൽ പ്രോജക്ട് പ്രകാരം തുക അതോറിറ്റിയിൽ അടവാക്കിയി

ഉപയോഗമില്ലാത്ത 43 പൊതുടാപ്പുകൾ വിച്ഛേദിച്ച് ധന
അംഗീകൃത മോണിട്ടറിങ്ങ് സമിതി പ്രോജക്ട് നിർവ്വഹണം
പ്രവൃത്തി നിർവ്വഹണത്തിനായി ജലഅതോറിറ്റിയുമാ
ബാദ്ധ്യതയിൽ നിന്നും ഗ്രാമപഞ്ചായത്തിനെ ഒഴിവാക്കിയ
ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 10/11.6.202
